**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1240

03.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗം**

ചോദ്യം
ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 2012 മെയ് ഒമ്പതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ; എങ്കിൽ ആ യോഗത്തിൽ ഏതെല്ലാം മന്ത്രിമാർ പങ്കെടുക്കുകയുണ്ടായി ;വ്യക്തമാക്കുമോ; | (എ)യും (ബി)യും ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 09.05.2012-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; യോഗ മിനുട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | |
| (സി) | യോഗ തീരുമാനങ്ങളിൽ നടപ്പിലാക്കുവാൻ ഇനിയും അവശേഷിക്കുന്നവ ഏതൊക്കെ; യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനം പിന്നീട് പിൻവലിക്കുകയുണ്ടായോ; വിശദമാക്കാമോ? | (സി) യോഗതീരുമാനങ്ങളിൽ ഏതാണ്ടെല്ലാം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 9

നം 29806/എ2/12/റവന്യൂ

റവന്യൂ (എ) വകുപ്പ്

**ഇടുക്കി ജില്ലയിലെ ഭൂമിയുടെ പട്ടയ പ്രശ്നങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിലും ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ്, ബഹു. നിയമ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണി ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി . ജെ. ജോസഫ്, ബഹു. വനം വകുപ്പ് മന്ത്രി ശ്രീ. കെ. ബി ഗണേഷ് കുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ചേർന്ന ഇടുക്കി ജില്ല യിലെ എം.എൽ.എ. മാരുടേയും ജനപ്രതിനിധികളുടേയും റവന്യൂ ഉദ്യോഗസ്ഥരുടേയും യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം 09.05.2012 വൈകിട്ട് 4 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

യോഗത്തിൽ സംബന്ധിച്ചവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

പരിസ്ഥിതി ലോല പ്രദേശം (Ecologically Fragible Land- EFL) എന്ന പേരിൽ വനം വകുപ്പ് നോട്ടീസ് നല്കിയതുമൂലം കർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളായിരുന്നു യോഗം ആദ്യം പരിഗണിച്ചത്. 2003-ലെ വനം നിയമ ത്തിൽ നിന്നും കൃഷിഭൂമി ഒഴിവാക്കിയിട്ടാണ് നിയമമുണ്ടാക്കിയത് എന്ന് ബഹു. നിയമമന്ത്രി ചൂണ്ടികാട്ടി ഇ.എഫ്.എൽ. നോട്ടീസ് ലഭിച്ച കൃഷിഭൂമികളെ സംബ ന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ തീരുമാനിച്ചു. പരിസ്ഥിതി ദുർബല പ്രദേ ശമായി തങ്ങളുടെ കൃഷിഭൂമി ഉൾപ്പെടുത്തുന്നത് ഒഴിവാക്കി കിട്ടുന്നതിന് അപേക്ഷി ക്കുവാൻ കർഷകർക്ക് ഇനിയും അവസരം നല്കണമെന്ന നിർദ്ദേശം ഉയർന്നു

വന്നു. ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഒരു സമിതി രൂപവല്ക്കരിക്കുന്നതിന് തീരുമാനിച്ചു. ജില്ലയിലെ എം. പി., എം.എൽ.എ. മാർ, ജില്ലാ കളക്ടർ അല്ലെങ്കിൽ ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഇതര റവന്യു ഉദ്യോഗസ്ഥൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബന്ധപ്പെട്ട തഹസിൽദാർ എന്നിവർ ഉൾപ്പെട്ടതായിരിക്കും പ്രസ്തുത സമിതി.

മറയൂർ, കീഴാന്തൂർ, വട്ടവട തുടങ്ങിയ വില്ലേജുകളിൽ കരം സ്വീകരിക്കാതിരിക്കുന്ന പ്രശ്നം ഉന്നയിക്കപ്പെട്ടു. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നല്കാമെന്ന് ബഹു. റവന്യു വകുപ്പ് മന്ത്രി അറിയിച്ചു.

വനഭൂമി, റവന്യുഭൂമി എന്ന നിലയിൽ തർക്കം ഉള്ള പ്രദേശങ്ങളിൽ റവന്യു വകുപ്പിന്റെ തീരുമാനം അംഗീകരിക്കാമോ എന്ന് പരിശോധിക്കുവാനുള്ള ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം യോഗം അംഗീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വനം വകുപ്പിന്റെ അഭിപ്രായവും തേടുന്നതിന് തീരുമാനിച്ചു. വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള ജണ്ടകൾ കർഷകർക്ക് സ്വീകാര്യമാണെന്ന് യോഗം വിലയിരുത്തി. ജണ്ടകൾക്കിടയിലുള്ള സ്ഥലം വനം വകുപ്പിന്റേതാണ്. ജണ്ടകൾക്ക് പുറത്ത് ചോലവനങ്ങൾ, വൻമരങ്ങൾ എന്നിവ ഉണ്ടെങ്കിൽ അത്തരം ഭൂമികൾ സംയുക്തമായി അളക്കാമെന്നും പരിശോധിക്കാമെന്നും തീരുമാനമായി. ജണ്ടകൾക്ക് പുറത്തും വനംവകുപ്പ് മരങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിച്ചുവരുന്നതായി ബഹു വനം വകുപ്പ് മന്ത്രി ശ്രീ. കെ. ബി ഗണേഷ് കുമാർ യോഗത്തിൽ വ്യക്തമാക്കി. ഇത്തരം ഭൂമിയും വനംവകുപ്പിന് സംരക്ഷിക്കേണ്ടതുണ്ട്. വനത്തിനുള്ളിൽ യാതൊരു രേഖയും ഇല്ലാതെ കൈയ്യേറി താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്നും

മതിയായ രേഖയും ഭൂമി ലഭിക്കാൻ അർഹതയും ഉള്ളവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കണമെന്നും ബഹു. മന്ത്രി അറിയിച്ചു.

മേൽ പറഞ്ഞ വിഷയങ്ങൾ സമഗ്രമായി പരിഗണിക്കുന്നതിന് 21.05.2012 തിങ്കൾ രാവിലെ 11-ന് പ്രത്യേക യോഗം വിളിച്ചു ചേർക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. വനം വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഇപ്പോഴത്തെ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെക്കൂടി പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കണമെന്ന് വനം വകുപ്പ്മന്ത്രി നിർദ്ദേശിച്ചു..

വൈദ്യുത പദ്ധതികൾക്കേറ്റെടുത്തതും എന്നാൽ പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ പെരിഞ്ചാംകുട്ടി തുടങ്ങിയ പ്രദേശങ്ങളിൽ 01.01.1977 ന് മുമ്പായി കുടിയേറിയിട്ടുള്ളവർക്കും പട്ടയം നല്കണമെന്ന നിർദ്ദേശം യോഗത്തിൽ ഉണ്ടായി. ഇടുക്കി, 10 ചെയിൻ പ്രദേശങ്ങളിലും ഇത്തരം പട്ടയം അപേക്ഷകൾ ഉണ്ട്. പട്ടയം നല്കുന്നതിന് 1993-ലെ വന നിയമമാണോ 1964-ലെ ഭൂമി പതിവ് നിയമമാണോ പരിഗണിക്കേണ്ടത് എന്ന് പരിശോധിക്കാവുന്നതാണെന്ന് ബഹു. ധന--നിയമകാര്യ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. 2005-ലെ ഭേദഗതി നിയമം വീണ്ടും ഭേദഗതി ചെയ്തും പദ്ധതി പ്രദേശത്തെ കർഷകർക്കും കൈവശക്കാർക്കും 4 ഏക്കർ സ്ഥലം ലഭ്യമാക്കുവാൻ ആവശ്യമായ നിയമ നിർമ്മാണം കൊണ്ടുവരുന്നതാണെന്ന് നിയമ മന്ത്രി പറഞ്ഞു. നല്കി വരുന്ന പട്ടയഭൂമി 25 വർഷത്തിനുശേഷം മാത്രമേ കൈമാറാവൂ എന്ന വ്യവസ്ഥ നീക്കണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു.

ഇടുക്കിയിൽ കെ.എസ്.എഫ് ഇ. പട്ടയങ്ങൾ ഈടായി സ്വീകരിക്കുന്നില്ല എന്നും പരാതി ഉന്നയിക്കപ്പെട്ടു. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് ഉടൻതന്നെ

നിർദ്ദേശം നല്കാമെന്ന് ബഹു. ധന-നിയമ വകുപ്പ് മന്ത്രി ഉറപ്പ് നല്കി.

കൃഷിക്കാരന് പെൻഷൻ കിട്ടുന്നതിനായി കൈവശരേഖ നല്കണമെന്ന നിർദ്ദേശം ഉണ്ടായി. 21.05.2012-ലെ യോഗത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് ബഹു. റവന്യൂ വകുപ്പ് മന്ത്രി അറിയിച്ചു.

യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു :-

1. പരിസ്ഥിതി ലോല പ്രദേശം (Ecologically Fragile Land -EFL) എന്ന പേരിൽ വനം വകുപ്പ് നോട്ടീസ് നല്കിയ പ്രദേശങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ജില്ലയിലെ എം.പി., എൽ.എൽ.എ., ജില്ലാ കളക്ടർ അല്ലെങ്കിൽ ജില്ലാ കളക്ടർ നാമ നിർദ്ദേശം ചെയ്യുന്ന ഇതര റവന്യൂ ഉദ്യോഗസ്ഥൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട തഹസിൽദാർ എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കും

2. നിലവിലുള്ള ജണ്ടകൾക്ക് അകത്ത് സ്ഥിതി ചെയ്യുന്ന ഭൂമി വനഭൂമിയായും ജണ്ടകൾക്ക് പുറത്തുള്ള ഭൂമി റവന്യൂ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിലുള്ള ഭൂമിയായി കണക്കാക്കണമെന്നും യോഗം തീരുമാനിച്ചു. ഇത്തരം കേസുകളിൽ വനം വകുപ്പിന് തർക്കമുള്ള സ്ഥലങ്ങൾ വനം, റവന്യൂ വകുപ്പുകൾ സംയുക്തമായി അളക്കുവാനും ചോലമരങ്ങൾ, വൻമരങ്ങൾ എന്നിവയുള്ള സ്ഥലങ്ങൾ സംയുക്തമായി പരിശോധിക്കുവാനും തീരുമാനിച്ചു.

3. വൈദ്യുതി പദ്ധതിക്കായി ഏറ്റെടുത്തതും പിന്നീട് ഉപേക്ഷിച്ചതുമായ പ്രദേശങ്ങൾ 01.7.1977-ന് മുമ്പ് കൈവശം വച്ചിരിക്കുന്നവർക്ക് 4

ഏക്കർ ഭൂമി വീതം 1993-ലെ വന നിയമ പ്രകാരമാണോ അതോ 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരമാണോ നല്കേണ്ടത് എന്ന കാര്യത്തിൽ വിശദമായ ചർച്ചയ്ക്കും തീരുമാനിക്കുന്നതിനുമായി റവന്യൂ, നിയമ വകുപ്പ് മന്ത്രിമാരെ ചുമതലപ്പെടുത്തി. പദ്ധതി പ്രദേശത്തെ കർഷകർക്ക് 4 ഏക്കർ വരെ ഭൂമി നൽകുന്നതിന് ആവശ്യമെങ്കിൽ നിയമ ഭേദഗതി കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കാമെന്ന് ധനമന്ത്രി അഭിപ്രായപ്പെട്ടു. ഇവിടെ കൈവശരേഖയുള്ള കർഷകർക്ക് കർഷക പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കാമെന്ന് ധനകാര്യ വകുപ്പ് മന്ത്രി യോഗത്തെ അറിയിച്ചു.

4. പട്ടയങ്ങൾ ഈടായി സ്വീകരിച്ച് കെ.എസ്.എഫ്.ഇ. വായ്പ നൽകുന്നില്ലെന്ന കാര്യം പരിശോധിച്ച് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കാമെന്ന് ധനകാര്യ വകുപ്പ് മന്ത്രി അറിയിച്ചു.
5. ധനകാര്യ സ്ഥാപനങ്ങളിൽ പട്ടയങ്ങൾ ഹാജരാക്കുമ്പോൾ നിജസ്ഥിതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ടി സ്ഥാപനങ്ങളുടെ നിർദ്ദേശം പുന: പരിശോധിക്കാമെന്ന് റവന്യൂ വകുപ്പ് മന്ത്രി യോഗത്തെ അറിയിച്ചു.
6. നിയമാനുസൃതം പട്ടയം ലഭിച്ച റവന്യൂ ഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി എബണി തുടങ്ങിയ വൃക്ഷങ്ങൾ ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് അനുവാദം നല്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചു.
7. ബഹു. റവന്യൂ മന്ത്രി 22.5.2012-ന് ഇടുക്കി സന്ദർശിച്ച് കാര്യങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനും തീരുമാനിച്ചു.

യോഗം വൈകിട്ട് 6.15-ന് സമാപിച്ചു.

1. ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.
2. ശ്രീമതി. ഇ.എസ്. ബിജിമോൾ എം.എൽ.എ.
3. ശ്രീ. കെ. കെ. ജയചന്ദ്രൻ, എം.എൽ.എ.
4. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ
5. ശ്രീ. മാത്യു സ്റ്റീഫൻ, എക്സ്. എം.എൽ.എ.
6. ശ്രീ. ഇ.എം. അഗസ്തി എക്സ്. എം.എൽ.എ.
7. ശ്രീ. റോയ് കെ. പൗലോസ്, പ്രസിഡന്റ്, ഡി.സി.സി., ഇടുക്കി
8. പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, പ്രസിഡന്റ്, മലനാട് കർഷക രക്ഷാ സമിതി
9. അഡ്വ. ജോയ്സ് ജോർജ്ജ്, ഹൈറേഞ്ച് സംരക്ഷണ സമിതി
10. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ജനറൽ കൺവീനർ, ഹൈറേഞ്ച് സംരക്ഷണ സമിതി.
11. ശ്രീ. ആർ. മണിക്കുട്ടൻ, ഹൈറേഞ്ച് സംരക്ഷണ സമിതി
12. ശ്രീ. വി.ആർ. അയ്യപ്പൻ, മെമ്പർ, അഴുത ബ്ലോക്ക് പഞ്ചായത്ത്
13. ശ്രീ. എം. കെ. പുരുഷോത്തമൻ, ജനഃ സെക്രട്ടറി, ഡി.സി.സി., ഇടുക്കി.
14. ശ്രീ. ഷാജി പൈനാടത്ത്, വൈസ് പ്രസിഡന്റ്, അഴുത ബ്ലോക്ക് പഞ്ചായത്ത്
15. ശ്രീ. സി. കെ. മോഹനൻ,
16. ഫാ. ജോസഫ്, തച്ചുകുന്നേൽ
17. ശ്രീ. ജെയ്സൺ കെ. ആന്റണി, ജനറൽ കൺവീനർ, പെരിഞ്ചാംകുട്ടി പട്ടയ അവകാശ സമിതി, പെരിഞ്ചാംകുട്ടി പി.ഒ.
18. ശ്രീ. കെ. എ. ആന്റണി
19. ശ്രീ. എ. അബ്ദുൾ സലാം, സെക്രട്ടറി, മുസ്ലീം ലീഗ് ഇടുക്കി ജില്ലാ കമ്മിറ്റി, ഇടുക്കി പി.ഒ.
20. ശ്രീ. കെ.എസ്. ഫിലിപ്പ്, അയ്യപ്പൻ കോവിൽ കർഷക സമിതി, മേരികുളം, ഇടുക്കി
21. ശ്രീ. എം. എ. ലാലിച്ചൻ, ഐക്യ കർഷക സംഘം, മേച്ചേരിൽ ഹൗസ്, അയ്യപ്പൻ കോവിൽ പി.ഒ., ഇടുക്കി
22. ശ്രീ. ജോസ് പാലത്തിനാൽ, കേരള കോൺഗ്രസ് (എം), നെടുങ്കണ്ടം പി.ഒ., ഇടുക്കി
23. ശ്രീ. ബേബി പതിപ്പള്ളിൽ, പ്രസിഡന്റ്, ഇരട്ടയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
24. ശ്രീ. ജോണി പൂമറ്റം, പ്രസിഡന്റ്, കേരള കോൺഗ്രസ് (എം), ഇടുക്കി
25. ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്., ഡയറക്ടർ സർവെ & ലാന്റ് റെക്കോർഡ്സ്, തിരുവനന്തപുരം
26. ശ്രീ. എസ്. വിജയകുമാർ, സ്പെഷ്യൽ തഹസീൽദാർ (എൽ.എ), മുരിക്കാശ്ശേരി, ഇടുക്കി
27. ശ്രീ. റ്റി. ഡി. ദേവി, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) കട്ടപ്പന
28. ശ്രീ. ജോയ് കര്യാക്കോസ്, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) ഇടുക്കി
29. ശ്രീമതി. ഇന്ദിര, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) നെടുങ്കണ്ടം
30. ശ്രീ. എം. കെ. ഷാജിമോൻ, ഡെപ്യൂട്ടി തഹസീൽദാർ (എൽ.എ) നെടുങ്കണ്ടം
31. ശ്രീ. റെനി റസാലം, എൽ.എ. ഓഫീസ്, നെടുങ്കണ്ടം
32. ശ്രീ. കെ. നാരായണൻ നായർ
33. ശ്രീ. എം. അരിഫുദീൻ, സർവെ സൂപ്രണ്ട് (ഇൻ ചാർജ്ജ്) (എൽ.എ) രാജാക്കാട്
34. ശ്രീ. സി.എസ്. വിനോദ്, സർവെ സൂപ്രണ്ട് (എൽ.എ) ബഥേൽ, ഇടുക്കി
35. ശ്രീ. എം. ചെറുപുഷ്പം, ഹെഡ് സർവെയർ, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, പീരുമേട്, ഇടുക്കി